**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 987** **30-06-2022 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ സബ്കനാൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ നിർമ്മാണം 6 റീച്ചുകളായി തിരിച്ചുകൊണ്ടാണ് നടത്തുന്നത്. 1-ാമത്തെയും 4-ാമത്തെയും റീച്ചുകളിലെ നിർമ്മാണ പ്രവൃത്തികൾ 2020ൽ പൂർത്തീകരിച്ച് 250 ഹെക്ടർ ആയക്കെട്ട് കൈവരിച്ചിട്ടുണ്ട്. 2, 5 റീച്ചുകളിലെ റിവൈസ്ഡ് എസ്റ്റിമേറ്റ് പുനഃപരിശോധിച്ചു വരുന്നു. 3-ാമത്തെ റീച്ചിലെ പ്രവൃത്തിയുടെ ക്ലോഷർ എഗ്രിമെന്റിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 6-ാമത്തെ റീച്ച് ചില സാങ്കേതിക കാരണങ്ങളാൽ തടസ്സപ്പെട്ടിരിക്കുകയാണ്. നിലവിൽ ഒറ്റ പ്രവൃത്തിയായി എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. |
| (ബി) | എം.വി.ഐ.പി. യുടെ പൂർത്തികരണത്തിന് പുതുക്കിയ ഡി.പി.ആർ. ഇറിഗേഷൻ വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ടെക്നിക്കൽ കമ്മിറ്റി എന്ത് തീരുമാനമാണ് കൈക്കൊണ്ടത് എന്ന് അറിയിക്കാമോ; | (ബി) | സമർപ്പിച്ചിട്ടില്ല. മുടങ്ങിക്കിടക്കുന്ന പ്രവൃത്തിയുടെ സൈറ്റ് കാട്ടുവെട്ടി ലെവൽസ് എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി നടന്നുവരുകയാണ്. നിർമ്മാണ പൂർത്തിയാകാനുള്ള കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ബാക്കിയുള്ള പ്രവൃത്തികൾക്ക് നിലവിലെ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാകാൻ ഡിപ്പാർട്ട്മെന്റ് തല ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. |
| (സി) | മുളക്കുളം പഞ്ചായത്തിലൂടെയുള്ള മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് മൂലം കനാൽ തീരത്ത് ഉണ്ടായിരിക്കുന്ന അപകടാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (സി) | മുളക്കുളം പഞ്ചായത്തിലൂടെ കടന്നുപോകുന്ന കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ ഭാഗങ്ങളിലാണ് നിർമ്മാണ പ്രവർത്തനം മുടങ്ങിയിരിക്കുന്നത്. കനാൽ ആഴത്തിൽ പോകുന്ന ഭാഗങ്ങളിൽ അപകടാവസ്ഥ ഒഴിവാക്കാനുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി കനാൽ നിർമ്മാണം പൂർത്തീകരിക്കുവാനുള്ള ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. |
| (ഡി) | മിസ്സിംഗ് ലിങ്ക് ഉൾപ്പടെ തകർന്നുകിടക്കുന്ന കനാലിന്റെ ബണ്ട്റോഡുകൾ നവീകരിക്കുന്നതിനു | (ഡി) | കനാൽ ബണ്ട് റോഡുകളുടെ പുനരുദ്ധാരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | | അപേക്ഷയിന്മേൽ നിരാക്ഷേപപത്രം അനുവദിച്ച് നൽകുകയും അവർ കനാൽ ബണ്ട് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ